**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1943** **12-09-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിൽ നിന്നും അമിതമായി കൺസഷൻ തുക ഈടാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ബസ്സുകളിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളോട് ബസ് ജീവനക്കാർ കൺസഷൻ തുകയേക്കാൾ കൂടുതൽ തുക ആവശ്യപ്പെടുകയും മാനസികമായി പീഡിപ്പിക്കുകയും പരുഷമായി പെരുമാറുകയും ചെയ്യുന്നതു മൂലം കുട്ടികൾക്ക് മാനസിക വിഷമം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>ബസ് ജീവനക്കാരുടെ മോശമായ പെരുമാറ്റം സംബന്ധിച്ച് പത്ര-ദൃശ്യ മാദ്ധ്യമങ്ങൾ/സാമൂഹ്യ മാദ്ധ്യമങ്ങൾ/അദ്ധ്യാപകർ/രക്ഷിതാക്കൾ മുഖേന ലഭ്യമാകുന്ന പരാതികളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സംഭവങ്ങളിൽ കുറ്റാരോപിതരായ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ലൈസൻസ് അയോഗ്യത കല്പിക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുയും പത്ര-ദൃശ്യ മാദ്ധ്യമങ്ങളിൽ ഇവ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ബസ് ജീവനക്കാരിൽ നിന്നും ഉണ്ടാകുന്ന മോശമായ പെരുമാറ്റം അധികാരികളെ അറിയിക്കാൻ, സ്കൂളുകളിലും കോളേജുകളിലും സംഘടിപ്പിക്കുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകളിൽ, കുട്ടികൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള പരാതികൾ ഉദ്യോഗസ്ഥരെ അറിയിക്കുന്നതിന് ബന്ധപ്പെട്ട ഫോൺ നമ്പറുകൾ സ്കൂൾ നോട്ടീസ് ബോർഡുകളിലും ബസുകളിലും പ്രദർശിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>30/04/2022-ലെ G.O.(P).No.17/2022/Trans പ്രകാരമുള്ള നിരക്കാണ് വിദ്യാർത്ഥികളിൽ നിന്നും യാത്രാക്കൂലിയായി ഈടാക്കുന്നത്.<br><br>വിദ്യാർത്ഥികളുടെ താമസസ്ഥലത്ത് നിന്നും അവർ പഠിക്കുന്ന സ്ഥാപനത്തിലേക്ക് പരമാവധി 40 കി.മീ ദൂരത്തിൽ യാത്ര ചെയ്യുന്നതിന് ഈടാക്കേണ്ട യാത്രാക്കൂലി സംബന്ധിച്ച വിശദാംശങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അമിത ചാർജ്ജ് ഈടാക്കുന്ന വാഹന ഉടമകൾക്കെതിരെ കർശന നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ബസ് ജീവനക്കാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകി ഇതിന് പരിഹാരം കാണാൻ ശ്രമിക്കുമോ; ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ഉണ്ട്.<br><br>ബസ് ജീവനക്കാരുടെ മോശമായ പെരുമാറ്റം സംബന്ധിച്ച് പത്ര-ദൃശ്യ മാദ്ധ്യമങ്ങൾ/സാമൂഹ്യ മാദ്ധ്യമങ്ങൾ/അദ്ധ്യാപകർ/രക്ഷിതാക്കൾ മുഖേന ലഭ്യമാകുന്ന പരാതികളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സംഭവങ്ങളിൽ കുറ്റാരോപിതരായ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ലൈസൻസ് അയോഗ്യത കല്പിക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുയും പത്ര-ദൃശ്യ മാദ്ധ്യമങ്ങളിൽ ഇവ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ബസ് ജീവനക്കാരിൽ നിന്നും ഉണ്ടാകുന്ന മോശമായ പെരുമാറ്റം അധികാരികളെ അറിയിക്കാൻ, സ്കൂളുകളിലും കോളേജുകളിലും സംഘടിപ്പിക്കുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകളിൽ, കുട്ടികൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ ഇത്തരത്തിലുള്ള പരാതികൾ ഉദ്യോഗസ്ഥരെ അറിയിക്കുന്നതിന് ബന്ധപ്പെട്ട ഫോൺ നമ്പറുകൾ സ്കൂൾ നോട്ടീസ് ബോർഡുകളിലും ബസുകളിലും പ്രദർശിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>30/04/2022-ലെ G.O.(P).No.17/2022/Trans പ്രകാരമുള്ള നിരക്കാണ് വിദ്യാർത്ഥികളിൽ നിന്നും യാത്രാക്കൂലിയായി ഈടാക്കുന്നത്.<br><br>വിദ്യാർത്ഥികളുടെ താമസസ്ഥലത്ത് നിന്നും അവർ പഠിക്കുന്ന സ്ഥാപനത്തിലേക്ക് പരമാവധി 40 കി.മീ ദൂരത്തിൽ യാത്ര ചെയ്യുന്നതിന് ഈടാക്കേണ്ട യാത്രാക്കൂലി സംബന്ധിച്ച വിശദാംശങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അമിത ചാർജ്ജ് ഈടാക്കുന്ന വാഹന ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ